
little
KITEs

സർഗ

# DIGITAL MAGAZINE

# K.A.H.H.S KOTTOPADAM

# താളുകളിലൂടെ

**താളുകളിലൂടെ**

ABOUT CHANDRAYAAN -2........24
NEENA THE GIRL........22
വിദ്യാലയത്തെക്കുറിച്ച്........5
........8, 10, 23, 29, 41p.
ജീവ ശ്വാസം........32
*ഫീസ്*........11
ആശംസ........7
എഡിറ്റോറിയൽ ബോർഡ്........6
എഡിറ്റോറിയൽ ബോർഡ്........6
എന്റെ നാട്........8p.
ഏകാന്തത........10
കടൽ........37
കണ്ണീർ മഴ........29p.
ചിത്രങ്ങൾ........42
നമ്മൾ പഠിക്കേണ്ടത്........13
പഴഞ്ചൊല്ലുകൾ........41
പഴഞ്ചൊല്ലുകൾ........41
*പ്രതിഭ*........15
*ഫീസ്*........11
മരം മരം........35
വായനപ്പുര........17
വിദ്യാലയത്തെക്കുറിച്ച്........5
ശാസ്ത്ര സാഗരം........26
സതി........34

# വിദ്യാലയത്തെക്കുറിച്ച്



വടക്കൻ മലയെന്ന് ഞങ്ങൾ വിളിക്കുന്ന പശ്ചിമഘട്ട മലനിരകളുടെ അടിവാരത്താണ്ഞങ്ങളുടെ ഗ്രാമമായ കോട്ടോപ്പാടം.പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂളായ ഞങ്ങളുടെ വിദ്യാലയംശ്രീകല്ലടിഅബ്ദുഹാജിയുടെശ്രമഫലമായിസ്ഥാപിതമായി. അദ്ദേഹത്തിന്റെ നാമധേയത്തിൽ അറിയപ്പെടുന്ന വിദ്യാലയം രണ്ടു ഡിവിഷനുകളിൽ നിന്ന് തുടങ്ങി ഇന്ന് വലിയ സ്ഥാപനമായി വളർന്നിരിക്കുന്നു .പാഠ്യ-പാഠ്യേതര മേഖലകളിൽ മികവ് പുലർത്തുന്ന വിദ്യാലയത്തിന്റെ വളർച്ചയിൽ അധ്യാപകരും രക്ഷിതാക്കളും നാട്ടുകാരും ഒരുപോലെ ശ്രദ്ധ പുലർത്തുന്നു

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ



അമീൻ ജിയാസ്

## സബ് എഡിറ്റേഴ്സ്

മുഹമ്മദ് സഫ്‌വാൻ
മിഥില ദാസ്
നജ് ല സ്വാലിഹ
ഷബീബ് അഷ്റഫ്
മുഹമ്മദ് റഫീദ്

# ആശംസ




സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേത്രുത്വത്തിൽ തയ്യാറാക്കിയ രണ്ടാമത്തെ ഡിജിറ്റൽ മാഗസിൻ ആണ്"സർഗ".വിവരവിനിമയ സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ചിറകിലേറി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഇ –മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ്മിസ്ട്രസ്സ്

രമണി .എ


1
stories

# എന്റെ നാട്



കുന്നുകളുംവയലുകളുംമരങ്ങളും നിറഞ്ഞ മനോഹരമായ നാട്, ഗ്രാമത്തിന്റെ ഒരറ്റം മുതൽ നീണ്ടു കിടക്കുന്ന നാട്ടു പാത.ആലപൊഴിച്ച് നമ്മെ സ്വാഗതം ചെയ്യുന്ന വൻമരങ്ങളും, കാറ്റിൽ ആടിയുലയുന്ന മരച്ചില്ലകളും , പുലർച്ചെ മധുരമാർന്ന സ്വരത്തിൽ പാട്ടു പാടുന്ന കുയിലുകളും, പാട്ടിനൊപ്പം പീലി വിടർത്തി നൃത്തമാടും മയിലുകളും. തീറ്റ തേടി നടക്കുന്ന മറ്റു പക്ഷികളും. കുന്നുകളിൽ മഞ്ഞുതുള്ളിയോട് കുശലം പറയുന്ന പുൽനാമ്പുകളും. പച്ച പുതപ്പ് വിരിച്ച വയലുകളും. പൂക്കളിൽ നിന്ന് തേൻ നുണയുന്ന ചെറു പ്രാണികളും. സൂര്യപ്രകാശത്താൽ പുഞ്ചിരിയോടെ വിടർന്നു നിൽക്കുന്ന പൂക്കളും. കളാ കളാ ശബ്ദത്തിൽ ഒഴുകുന്ന പുഴകളും. വെള്ളത്തിൽ സന്തോഷത്താൽ നീന്തിക്കളിക്കുന്ന മത്സ്യങ്ങളും.ഇതെല്ലാം എന്റെ മനസ്സിന് സന്തോഷം നൽകുന്ന കാഴ് ചകളാണ്. എന്റെ നാടെത്ര മനോഹരം.....!

ഷൈഫ പി.ടി (9 F)

# ഏകാന്തത



നിലാവ് പെയ്യുന്ന നാട്ടിടവഴിയിലൂടെ ആ ഏഴു വയസ്സുകാരി മെല്ലെ നടന്നു നീങ്ങി.ആ രാത്രിയിൽ അവൾക്ക് കൂട്ടിനായി നിലാവ് മാത്രമായിരുന്നു. വിശപ്പും ദാഹവും കാരണം അവളുടെ പാദങ്ങൾ തളരാൻ തുടങ്ങി.

ഈ ഏകാന്തത ആ കുഞ്ഞു മനസ്സിൽ ചോരത്തളം പോലെ കെട്ടി നിന്നു.ആ നിമിഷത്തിൽ നിലാവ് അവളോടായി പറഞ്ഞു."കുഞ്ഞേ നീ തളരരുത്.ഈ രാത്രി മാത്രമല്ല.എല്ലാ രാത്രികളിലും നിനക്ക് കൂട്ടിനായി ഞാനുണ്ടാവും".

നാജിയ.കെ.

10 C

# ഫീസ്



"ദൈവമേ ഇന്ന് മഴപെയ്യണേ".

"എന്താ നീ പറയണേ ഞാൻ കുട കൊണ്ടു വന്നിട്ടില്ല.എന്റെ അമ്മ എന്നെ വിടുകയില്ല."

"മഴ പെയ്താൽ പാസ് നോക്കുകയില്ല....അതാ പറഞ്ഞെ".

"നിന്റെ പാസൊന്ന് എടുക്ക്."

അവൾ പാസ് എടുത്ത് കൊടുത്തു.

"നീ എന്താ ഒരു മാസത്തെ ഫീസ് മാത്രം കൊടുത്തത്"?

"എന്റെ അച്ഛന് ജോലിയില്ല."

അവൾ മിലിയെ കെട്ടിപ്പിടിച്ചു.

"നീ വിഷമിക്കേണ്ട.ദൈവം ഇന്ന് മഴ പെയ്യിക്കും".

വൈകാതെ അന്ന് മഴ പെയ്തു. പാസ് നോക്കിയതുമില്ല.പക്ഷെ അവൾക്ക് ഒരിക്കലും ഉറക്കം വന്നില്ല.തന്റെ മിലിയെ എങ്ങനെയെങ്കിലും രക്ഷിക്കണം.എന്നും മഴ പെയ്യില്ലല്ലോ.

"അമ്മ"

"എന്താ കുഞ്ഞാ?"

"അമ്മ എനിക്കൊരു സഹായം ചെയ്യുമോ?"

"തീർച്ചയായും".

അവൾ മിലിയെകുറിച്ച് പറഞ്ഞു.

എത്ര രൂപ വരും.മോളെ?

" രൂപ" അന്ന് സൂര്യൻ നേരത്തെ ഉദിച്ചു.അവൾ സന്തോഷത്തോടെയാണ് സ്കൂളിലേക്ക് പോയത്.അവൾ മിലിയെ കണ്ടു.ആ ഫീസവൾ മിലിക്ക് നൽകി.മിലിയുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി.

മിലിയുടെ നെറ്റിയിൽ അവൾ ചുംബിച്ചു. ഒരു നല്ല കാര്യം ചെയ്തതിന്റെ സന്തോഷവും സംതൃപ്തിയുംഅവളുടെ മുഖത്ത് തെളിഞ്ഞു.

സിനിയ.പി.പി.

10 C

# നമ്മൾ പഠിക്കേണ്ടത്



മഴ എന്നാൽ എന്ത് ? അറിയേണ്ടതാണ് നാം ഓരോരുത്തരുമത് .ഭൂമിയോട് അമർച്ച കാട്ടുന്ന എന്ത് വസ്തുക്കളും വിനാശകാരികൾ അഥവാ ചെകുത്താൻ എന്നാണ് നാം പറയുക .എന്നാൽ നാം ഓരോരുത്തരും ഇന്ന് ചെകുത്താന്മാരായി കഴിഞ്ഞിരിക്കുന്നു.ഒരു തുണ്ട് ഭൂമിക്കായി തമ്മിൽ കൊലചെയ്യുന്നവന് അറിയില്ലല്ലോ ഈ ഭൂമി സാധാരണക്കാരനുമുള്ളതാണെന്ന് . ഹേ മനുഷ്യാ !എന്തിനീ തിരക്ക് എന്ന് ഭൂമി പറയാതെ പറഞ്ഞുതന്നു.കിടപ്പാടം പോലും ബാക്കിയില്ലാതെ ഉടുതുണി പോലും മാറ്റാനില്ലാതെ വിശപ്പടക്കാൻ പോലും ഭക്ഷണമില്ലാതെ മലയാളികൾ കൂപ്പുകൈ നല്കി.ഒടുവിൽ അഭയം ദുരിതാശ്വാസ ക്യാമ്പുകൾ.മാത്രം.കേരളത്തിൽ 2500 ഓളം ക്യാമ്പുകൾ പ്രവർത്തിച്ചുവന്നു .ക്രെഡിറ്റ് കാർഡ് ഏത് ബാങ്കിന്റേതായാലും ഭക്ഷണത്തിനായി തിന്നാനാവില്ലെന്ന് നാം ഓരോ മലയാളിയും പഠിച്ചു .

മലയാളികൾ എന്നും പുച്ഛിച്ച തള്ളിക്കളഞ്ഞ ആളെക്കൊല്ലി എന്ന് പ്രഖ്യാപിച്ചവരായ ടിപ്പർ തൊഴിലാളികൾ മാത്രമായിരുന്നു ഏത് ശക്ത മഴയിലും കാവലാളായവർ .അതുപോലെ ഒരിക്കലും നന്നാവാത്തവർ എന്ന് പറഞ്ഞ് മുദ്രകുത്തി നൽകിയവരാണ് നമ്മുടെ യുവതലമുറകൾ .എന്നാൽ ഒറ്റപ്പെട്ട മലമുകളിൽ പെട്ടവർക്ക് ഓഫ് റോഡ് ജീപ്പ് കൊണ്ട് രക്ഷകരായെത്തിയവർ ഇവരായിരുന്നു.അത് പോലെ കടലിന്റെ മക്കൾ നാടിൻറെ അഭിമാനങ്ങളായി മാറി.ഓരോ മത്സ്യത്തൊഴിലാളികളും ഒരു പ്രശ്നം വന്നാൽ ഓടിയെത്തുന്ന ഒരു സൈന്യം നമുക്കുണ്ടെന്ന് നമ്മെ പഠിപ്പിച്ചു തന്നു.ഇവരായിരുന്നു ആ പ്രളയത്തിൽ ദൈവത്തിന്റെ അവതാരങ്ങളായി മാറിയത്. അവസാനം ഒരുപിടി പാഴ്ജന്മങ്ങളെ ബാക്കി നിർത്തി പ്രളയം കടന്ന് പോയി.ഭൂമിയെന്ന് ഉറഞ്ഞുതുള്ളിയാൽ കഴിയുന്നതേ ഉള്ളൂ കാര്യങ്ങൾ എന്ന് ഈ മഴക്കാലംനമ്മെ പഠിപ്പിച്ചു.

സഞ്ജന.കെ

9 B

## പ്രതിഭ


shutterstock.com • 625010075

നിശബ്ദമായ രാത്രിയായിരുന്നു അന്ന് മാനത്ത് ചന്ദ്രൻ പുഞ്ചിരി തൂകി നിൽക്കുന്നു. നിലാവ് തുള്ളി തുളുമ്പിയിരിക്കുന്നു. എല്ലായിടത്തും നിശബ്ദത പരന്നു . അഭിരാം വീട്ടിൽ പേടിച്ച് കണ്ണ് തുറന്നു കിടക്കുകയായിരുന്നു.കാരണം നാളെ അവന് ക്ലാസ്സിൽ കവിത ചൊല്ലാനുള്ളതാണ് . അവൻ പലവട്ടം കവിത ചൊല്ലി നോക്കി .എങ്കിലും അവന്റെ നെഞ്ചിലൊരു പിടപ്പ് .അവന്റെ 'അമ്മ അവന്റെ അടുത്തേക്ക് വന്നു. എന്നിട്ട് ചോദിച്ചു."എന്താ മോനെ കാര്യം,എന്തുപറ്റി" .അവൻ അമ്മയോട് അവന്റെ പേടിയെപ്പറ്റി പറഞ്ഞു .അമ്മ അവനെ തലോടി കൊണ്ട് അവനോട് മറുപടി പറഞ്ഞു .മോനെ "തന്റെ കഴിവുകൾ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കാതെ തന്റെയുള്ളിൽ തന്നെ അടക്കിപ്പിടിച്ചിരുന്നാൽ ആ കഴിവ് തനിയെ മാഞ്ഞു പോകും .മറ്റുള്ളവരെ പേടിച്ചു മിണ്ടാതെ ഇരിക്കുന്നവൻ അങ്ങനെ ഇരിക്കുകയേയുള്ളു അവൻ ഒരിക്കലും ഉയർച്ചയിൽ എത്തുകയില്ല." അവൻ അമ്മയുടെ മുഖത്തേക്കുനോക്കികൊണ്ട് പറഞ്ഞു.അമ്മാ എനിക്ക് തെറ്റ് വന്നാൽഎന്നെ കളിയാക്കുമോ എന്നാണ് പേടി

കളിയാക്കുന്നവർകളിയാക്കട്ടെ ...മനുഷ്യന്മാരല്ലേ നമ്മൾ തെറ്റുകളുണ്ടാവും.അത്തിരുത്താൻ നാം ആണ് ശ്രമിക്കേണ്ടത് പിച്ചവെക്കുന്നപ്രായത്തിൽ വീഴുമെന്ന് പേടിച്ച് ഏതെങ്കിലും കുഞ്ഞ നടക്കാതിരുന്നിട്ടുണ്ടോ ?'അമ്മ അവന് നൽകിയധൈര്യം അവനിൽ ഒരു പ്രതിഭയെ ഉണർത്തി .

ഇരുവരും നിദ്രയിലാണ്ടു .കിളികളുടെ പാട്ടുകളും അളകനന്ദ യുടെ കളകളാരവങ്ങളും അവരെ ഉണർത്തി .അഭിരാം സ്കൂളിൽ



പോയി കവിത ചൊല്ലി. അമ്മ പറഞ്ഞുകൊടുത്ത കാര്യങ്ങൾ അവന്റെ ഭയത്തെ നീക്കിക്കളഞ്ഞു. വൈകാതെ മത്സരഫലം വന്നു.കവിത ചൊല്ലൽ ഒന്നാമത് അഭിനവ്. അവനിൽ എന്തെന്നില്ലാത്ത സന്തോഷം നിറഞ്ഞു .അവനിലെ ആ പ്രതിഭയ്ക്ക് ഒരാത്മാവ് കൂടി ലഭിച്ചു..

മുഷ്രിഫ.ടി

8.A

## വായനപ്പുര



രാവിലെ കോളിങ്ങ് ബെല്ലിന്റെ കിളിം കിളിം എന്ന ശബ്ദം കേട്ടാണ് നിയാസ് ഉണർന്നത്.ആരാണാവോ ഈ രാവിലെ.ഇനി നാട്ടിൽ നിന്ന് വല്ലവരും വരുന്നതാകുമോ അല്ല കടം വാങ്ങാൻ ആളുകൾ ഗുണ്ടകളെ കൂട്ടി വന്നിരിക്കുകയാണോ അങ്ങനെ പല പല ചിന്തകളും നിയാസിന്റെ മനസ്സിലൂടെ കടന്ന് പോയി.വളരെ ആകാംഷയോടെയും പേടിയോടേയും നിയാസ് വാതിൽ തുറന്നു.അവന്റെ കണ്ണുകളെ ഈറ നയിപ്പിക്കുന്നകാഴ്ച്.കാലചക്രം പിന്നോട്ട് സഞ്ച രിച്ച വ ർഷം 2002 ക്ലാസ്സിൽ എല്ലാവർ ക്കും പരീക്ഷപേപ്പർകിട്ടുന്നതിന്റടെൻഷനിലാണ്.

അതിൽ എത്രമാർക്ക് ഉണ്ടാവും ഫസ്റ്റാണോ അതോ സെക്കന്റോ എന്നചിന്തയാണ് ഭൂരിപക്ഷം കുട്ടികളുടെയും മനസ്സിലും അതി ൽ ഒന്നും ചെവി കൊടുക്കാതെ ജാഫർ ക്ലാസ്സിൽ സന്തോഷത്തോടെ ഇരിക്കുന്നുമുണ്ട്. ."എടാ ജാഫറെ നിനക്കീപേടി ഒന്നും ഇല്ല" "അല്ലടാ നിനക്ക് ക്ലാസ്സിൽ ഫസ്റ്റ് ആകാൻ യാതോരു ആഗ്രഹവും ഇല്ലേ".പെട്ടന്ന് Good morning teacher എല്ലാവരും എണീച്ച നിന്നു. ഒരു നിമിഷത്തെക്ക് ക്ലാസ്സ് നിശബ്ദമായി സരോജിനി ടീച്ച ർ പേപ്പർ കെടുത്തു തുടങ്ങി."ഒരാൾ ഒഴിച്ച് എല്ലാവരും ജയിച്ചിട്ടുണ്ട്"ക്ലാസിൽ എല്ലാവരുടെ കണ്ണുകളും ജാഫറിന്റെ മുഖത്തേക്ക് തിരിഞ്ഞു."എന്താടാ ഒരു പരീക്ഷപോലും ജയിക്കാൻ കഴിയാത്തത്"മലയാളം പോലും എഴുതാനും വായിക്കാനും അറിയാതെ നീ എന്തിനാണ് സ്‌കൂളിൽ വരുന്നത്.എല്ലാവരുടെയും ചിരിയും പരിഹാസവും അവന്റെ കുഞ്ഞുമനസ്സിനെ ഒരു പാട് വേദനിപ്പിച്ചിട്ടുണ്ടാവണം അതുകൊണ്ടായിരിക്കും അവന്റെ കണ്ണുകൾ നിറഞ്ഞ് ഒഴുകിയത്."എല്ലാവരുംപുതുതായിഉദ്ഘാടനം ചെയ്യാനിരിക്കുന്ന വായനപ്പുരയിലേക്ക് നീങ്ങുക അറിയിപ്പ് കിട്ടി എല്ലാവരും വായനപ്പുരയിലേക്ക് നീങ്ങി ഉദ്ഘാടനശേഷം എല്ലാവരും വായനപ്പുരയിൽ ഇരുന്ന് പുസ്തകങ്ങൾ വായിച്ച ഇടയിലേക്ക് നമ്മുടെ ജാഫറും നടന്നു നീങ്ങി ഒരു പുസ്തകം എടുത്ത് വായിച്ചു .

"എന്താടാ നീ വായനപ്പുരയിൽ " ഈ പുസ്തകം നീ വായിക്കുമോ കൊള്ളാലാ ഇയ്യ് "മോനോ നീ പോയി മലയാളം പഠിച്ച് വാ" എന്താടാ നിയാസെ എന്നെ വീടിന്റെ ഉള്ളിലേക്ക് വിളിക്കാതെ ഒരു പാട് നേരമായല്ലേ നീ എന്റെ മുഖത്ത് ഇങ്ങനെ നോക്കി നി ക്കുന്നത് "ഓ സോറി ........""അകത്തേക്ക് വാ .........."

"ഇത് എന്താ ഈ ചെറിയ വീട്ടി ൽ താമസിക്കുന്നത് ജോലി ഒന്നും ആയില്ലോ.നിയാസ് തല താഴ്ത്തി മറുപടി പറഞ്ഞു "ഇല്ല"

ഒരുപാട് പരിഹാസവാക്കുകൾ പ്രതീക്ഷിച്ച് നി ൽക്കുകഴായിരുന്നു. ഞെട്ടിക്കുന്നവാക്കുകളാണ് പറഞ്ഞത് "ഓ അത് ഒന്നും സാരമില്ല കഴിഞ്ഞതാലോചിച്ചിരുന്നിട്ട് ഇനി കാര്യം ഒന്നുമില്ല"

"ഞാൻ ചോദിക്കാൻ മറന്നു നിന്റെ ജോലി എന്താ നിന്റെ ഒരു പാട് ഫോട്ടോ പത്രങ്ങളിലും മറ്റും കണ്ടിരുന്നു"

"ഞാൻ സോഫ്റ്റ് വെയർ എൻജിനീയർ ആണ് തിരുവനന്തപുരത്തിലാണ് എന്റെ ഓഫീസ് ഇതി ൽ നമ്മുടെ പഴയ കുറച്ച് ഫോട്ടോ കളാണ്. ഇത് ഒന്ന് നോക്കണേ"

ആ........ആ.........

"ചായ കുടിച്ചിട്ട് പോവാ........"

"അത് പിന്നെ ഒരിക്കലാവാം........."

ജാഫർ പോയതിനു ശേഷം നിയാസ് ആ ലെറ്റർ പൊട്ടിച്ചു നോക്കി അതിൽ ഫോട്ടോ അല്ല അവൻ തിരുവനന്തപുരത്ത് ഉള്ള ഒരു വലിയ കമ്പനിയിലേക്ക് അവനെ തിരിഞ്ഞെടുത്തു എന്നതിന്റെ പേപ്പറായിരുന്നു.നിയാസ് അലോചിച്ചു.ജോലിയിലേക്ക് ചേരാൻ ഉള്ള പേപ്പറാണ് എന്ന് പറഞ്ഞാൽ ഞാൻ വാങ്ങുകയില്ല എന്ന് അവൻ അറിയാവുന്നത് കൊണ്ടായിരിക്കും ഫോട്ടോ കൾ ആണ് എന്ന് പറഞ്ഞത് "ഓ ർ മിക്കുമ്പോൾ ഒരു സങ്കടം മാത്രം ഇപ്പോഴും ഞാൻ അവന്റെ താഴെയാണല്ലോ"

മുഹമ്മദ് മുനീർ

10.E

# NEENA THE GIRL



"Mom Iam going to school bye bye"

Neena went to school. Neena was a girl who lived in a small village she has her mother only mother was ill and week. She went to school every morning. All the evening she went to the forest to collect fire wood. they earned lively hood by selling fire wood that all their story.



One evening. long bell rang all the students ran towards the school gate with their bags. Neena was walking to her house. When she was crossing the road suddenly a car

hit her. Poor Neena . She fell down in the road, blood spread in the road. Suddenly peoples took her to the hospital. Her class teacher watched all the incidents. Teacher ran to the hospital and talked with doctor. She went to Neena's room. Suddenly teacher shocked......Neena feld from the world.....

The teacher went to Neena's house, with the sad news...... poor mother what might be her response! Teacher cried

SAMAMA

8 A

# ABOUT CHANDRAYAAN -2




india's chandrayan-2 mission loses contact with lunar land in July. india's chandrayan-2 mission launched towards the moon in a G S L V M K III -M1 rocket. On september 6. the mission's vikram spacecraft attemted. To land farther south than any other centralised lunar landing .

The chandrayan-2. As Rs 978- cror e project, was launched o nJuly 22 with an aim to land a lander and real a raver

on the moon's surface. India was to be the fourth country to attempt a soft landing on moon and the country had choosen the south polar region. Place which is suspected to have heavy water presence...

India's chandrayan-2 fails to make soft landing on moon's south pole the spacecraft's descent was going as planned until it reached an attitude of 2.1 Km over the surface. Subsequently. Communication from lander to the ground stations was lost".scientists explained

NAJIYA -N
10-G

# ശാസ്ത്ര സാഗരം

ശാസ്ത്രലോകത്തെ ഞാനെന്നും അത്ഭുതത്തോടെയാണ് നോക്കിക്കാണുന്നത്.കാരണം ഓരോ ആ റ്റത്തിനെപ്പോലും സസൂക്ഷ്മം മനസ്സിലാക്കി അത്രയും പ്രഗത്ഭരായാണ് ഓരോ ശാസ്ത്രജ്ഞരും അവരുടെ കഴിവുകൾ പുറത്തെടുക്കുന്നത്.ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്.!ഇത്രയും ദീർഘവീക്ഷണമൊക്ക എങ്ങനെ ലഭിക്കുന്നു എന്ന്......




എന്നെ ഏറ്റവും സ്വാധീനിച്ച കുറച്ച് ശാസ്ത്രജ്ഞൻമാരുണ്ട്. അവരിൽപ്പെട്ട ഒരാളാണ് തോമസ് ആൽവാ എഡിസൺ.അദ്ദേഹത്തിന്റെ ഒരുപാട് കഥകൾ ഞാൻ കേട്ടിട്ടുണ്ട്.അതെല്ലാം എന്നെ ചെറുപ്പത്തിലെസ്വാധീനിച്ചിട്ടുണ്ട്.കാരണം ഒരു കുട്ടിയുടെ ചിന്ത എത്രത്തോളം പോകുമെന്ന് ഞാനറിഞ്ഞത് ആ കഥകളിലൂടെയാണ്.എല്ലാവരും പറയാറുണ്ട്. ഇൻകാന്റെസന്റ് ലാമ്പുകൾക്ക് പകരം എൽ.ഇ.ഡി ബൾബുകൾ ഉപയോഗിക്കണം എന്ന്!പക്ഷെ ഒരു കാര്യം! ഇരുട്ടിന്റെ ലോകത്തു

നിന്നും ആദ്യം നമ്മെ വെളിച്ചത്തേക്ക് കൈപിടിച്ചുയർത്തിയത് തോമസ് ആൽവാ എഡിസൺ ആണ്.അന്നത്തെ ഏറ്റവും വലിയ കണ്ടുപിടുത്തം,പക്ഷെ ഇന്നത് ശാസ്ത്രത്തിന്റെ

ഏതോ ഒരു കോണിൽ ഒതുങ്ങിക്കൂടി.ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്....ഇങ്ങനെയൊരു കണ്ടുപിടുത്തം നടത്താൻ അദ്ദേഹം എത്രത്തോളം ഇരുട്ടിന്റെ അകത്താളങ്ങളിലിരുന്ന് പരിശ്രമിച്ചിട്ടുണ്ടാവുമെന്ന്..



ശാസ്ത്രവുമായി ബന്ധപ്പെട്ട് എനിക്ക് കുറെയേറെ ഉത്തരം കിട്ടാത്ത ചോദ്യങ്ങളുണ്ട്.ഉറുമ്പിന് അതിന്റെ ശരീരത്തിന്റെ എത്രയോ ഇരട്ടി ഭാരം ചുമക്കാനുള്ള കഴിവുണ്ട്.പക്ഷെ,നാം മനുഷ്യർക്കെന്താണ് നമ്മുടെ പകുതി ഭാരം പോലും പൊക്കാൻ കഴിയാത്തത്? ഈ നിര ഇങ്ങനെ നീളും....പക്ഷെ ഇതി ന്റെ ഉത്തരം എവിടെയെങ്കിലുമുണ്ടാവും.ശാസ്ത്രം എന്നത് അനന്തമാണ്,അജ്ഞാതമാണ്....അതിന്റെ എല്ലാവശവും നമുക്കറിയില്ല.പക്ഷെ ഇനിയുള്ള കാലമായിരിക്കും കണ്ടുപിടുത്തങ്ങളുടെ കാലം.കാരണം ശാസ്ത്രം വളരുന്നതോടൊപ്പം മനുഷ്യന്റെ ചിന്തകളും വളരുന്നു.ഇനിയും ആശയങ്ങൾ ഉയരും.പുതിയ ശാസ്ത്രജ്ഞന്മാർ പിറവിയെടുക്കും.ഐസക് ന്യൂട്ടൺ പറഞ്ഞ വാക്കുകൾ എന്റെ

കാതുകളിൽ പ്രതിധ്വനിക്കുന്നു.അനന്തമായ പ്രപഞ്ച മണൽപ്പുറത്ത് മണലുവാരിക്കുന്ന ഒരു കൊച്ചുകുട്ടിയായി അദ്ദേഹം സ്വയംമാറുന്നു.ഇതുപോലെ ഒരു പ്രതീതിയാണ് ശാസ്ത്രലോകത്തെക്കുറിച്ച്എനിക്കും പറയാനുള്ളത്,അറിഞ്ഞതൊന്നുമല്ല.അറിഞ്ഞതിലേക്കാളേറെ അറിയാത്തതാണ് ഈ പ്രപഞ്ച ത്തിലുള്ളത്.ശാസ്ത്രപുരോഗതിക്കൊപ്പം നമ്മുടെ ചിന്തകളും വളരട്ടെ....


റിൻഷിദ.സി

10 G

# സർഗ



# കണ്ണീർ മഴ



ഇന്നലെ നീ ദുഃഖത്താൽ
മൗനമായ് നിന്നു വിണ്ണിൽ
ഇന്നിതാ പെയ്തിറങ്ങുന്നു
പേമാരിയായ് കണ്ണീർമഴയായ് .
നാടിനെ നടുക്കിയ ദുരന്തമായ്
നിൻ കാർകൂന്തൽ
കെട്ടിവെച്ച മടങ്ങിയാലും.
എവിടെ കൊണ്ടുപോയ്
നീ എൻ തൂലികകൾ പുസ്തകത്താളുകൾ
കൂരാകൂരിരുട്ടിൽ വെളിച്ചത്തിലു-
ണ്ടാക്കിയ പളുങ്കുമാലകൾ

കൃഷിയിടങ്ങൾ എല്ലാം

കൊണ്ടുപോയില്ലേ നിന്റെയി ചെറുലീല.

കണ്ടുമതിയായില്ലേ നിനക്കീ

കണ്ണീർ മുഖങ്ങൾ

ഇനി എന്തു ചെയ്യുമെന്നറിയാതെ

ഒഴുകുന്ന മനുഷ്യരാശി തൻ ജീവിതം.

മുഷ്രിഫ.ടി

8.A

## ജീവ ശ്വാസം



മിഴികൾക്കു കുളിരേകും
ദൃഷ്യങ്ങൾ വിളയിച്ച
മലയാള നാടിന്നൊരോർമ്മ മാത്രം
പച്ച പുതച്ചൊരു മുത്തണിക്കുന്നുകൾ
യന്ത്രത്തിൻ വായാൽ വിഴുങ്ങിടുന്നു
കള കള ഗാനം......................

അന്നം വിളയിക്കും
പാടങ്ങൾ മൂടീട്ട്
അന്തയായ് നിൽക്കുന്ന
ഫ്ളാറ്റുകൾ പൊക്കീട്ട്

ആടിയുലയുന്ന
വൃക്ഷങ്ങൾ വെട്ടീട്ട്
ആപത്ത് കൊയ്യുന്ന
ഫാക്ടറി പൊക്കീട്ട്

ഒരു വിത്തിനുള്ളിൽ ഒരു ലോകമുണ്ടേ
മണ്ണിനെ പുണരാനായ് ഒരു മോഹമുണ്ടേ
ഒരു തളിരിലുണ്ടേ


ഭൂമിതൻ രക്ഷ
തളിരിലകളിലുതിർക്കും
നവ ജീവ ശ്വാസം

നദ വി.പി

8A

# സതി

സതി നല്ല ഒരു ആചാരം
തീയ്യിൽ ഒരാൾ നൃത്തം ചെയ്യുന്നു



കാണുന്നവർക്ക് കൊതി
സഹിക്കാൻ കഴിയില്ല
കാരണം,
ജീവിതകാലം മുഴുവൻ
ഭർത്താവായിരുന്നവനെ
തീയ്യിൽ വെച്ചെങ്കിലും
ഒരു ചവിട്ടു ചവിട്ടാനെങ്കിലും
അതുപകരിക്കുന്നില്ലേ.........
സതി നല്ല ഒരു ആചാരം

മുഹമ്മദ് മിദ് ലാജ്.
9D

# മരം മരം



വീട്ടിലൊരു മരമുണ്ട്
മെലിഞ്ഞു ഉണങ്ങിയ മരം

സൂര്യൻ മുറ്റത്ത് മുത്തമിട്ടും മുമ്പേ
മരം അടുപ്പിൽ എത്തും
നാലു നേരത്തേക്ക്
നാലാളെ തീറ്റിക്കാൻ
കത്തിയാളി കരിയായി
മരം അടുപ്പിലുണ്ടാകും...?
കത്തലടക്കലിന്
ഉച്ചയൂണിന്
രാത്രി അത്താഴത്തിന്

മരമെരിഞ്ഞു

മനുഷ്യനെപേറ്റുന്നു

രാത്രി പകൽ

അഘോഷം വിരുന്ന്

മരജീവിതം മാറ്റമില്ലാതെ

ഇപ്പോഴും മരം

അടുപ്പിൽ ഉണ്ട്

കത്തി കത്തി മുനിഞ്ഞ് പുകഞ്ഞ്

കരിയായി വെണ്ണീറായി

മരം ഇപ്പോൾ തെങ്ങിനു വളമായി

*കത്തലടക്കൽ

രാവിലത്തെ ഭക്ഷണം

മുഹമ്മദ്ഷബീബ്.കെ

# കടൽ

ഈ നഗരപ്രാന്തത്തിൽ നിന്നും...

അഴുക്കുചാലുകളിൽ  നിന്നും....

നീരോട്ടങ്ങളിൽ, ലയിച്ച്

ഊടുവഴികൾ, താണ്ടി

ചിതറിത്തെറിച്ച് ,അടുക്കുതെറ്റി ,

പാഞ്ഞു വരുമ്പോൾ ,

ഒടുക്കം ...!

എത്തിച്ചേരാനുള്ള

ഇടമാണത്രേ കടൽ.....!

എത്ര വഴികൾ ,കൊടും വളവുകൾ ..

നീർച്ചുഴികൾ ഊക്കോടെ .,

തല തല്ലി വീണ, പതനതാഴ്ചകൾ ..

ശാന്തമായ് പുണർന്ന,

താഴ് വര തീരങ്ങൾ ...

ശ്മശാനങ്ങൾ ..

ജനിമൃതികൾ തളച്ചിട്ട ,

മൺകുടങ്ങൾ ...

കരിംഭൂതങ്ങൾ ...

ചുരണ്ടിയെടുത്ത ,

നദി മാറിന്റെ,മുറിവുകൾ ...!

കുപ്പികളിലൊതുക്കിയ കാഴ്ചകളെ ,

നിന്റെ വിരിമാറിലേക്ക് ,വലിച്ചെറിയുമ്പോൾ ...

നശിച്ച മാലിന്യ തുരുത്തിനെ ,

കടലാഴങ്ങളിൽ നിക്ഷേപിക്കുമ്പോൾ ,

കടലേ..ഞാനും കരഞ്ഞു .....

കടലേ ...

അടക്കിപ്പിടിച്ച തേങ്ങലിനെ         കൈക്കുടന്നയിലേക്ക്

കോരിയെടുത്ത് ,എത്ര വട്ടമാണ് നീ ..

ഇറുകെപ്പുണർന്നത് ...

പരിഭവം പറയാതെ ....ഒരിരമ്പം ശേഷിച്ച് ,

സ്വീകരിച്ചത് ..

നാളെ,നിറം മാറുന്ന,

നിന്റെ ഭംഗിയെയോർത്ത്

ആരൊക്കെയോ പാടും....

മരിച്ചടക്കാൻ ഇടമില്ലത്തോ രുടെ

ശവങ്ങൾ ...

നിന്റെ തിരതലപ്പുകളിൽ,

നൃത്തം വെക്കും ...

കടലെന്നത് കവിതയിൽ പൂക്കും ....

നശിച്ച ദുർഗന്ധത്തിന്റെ ചോട്ടിൽ ..

പ്രണയം ഉടുതുണി മറക്കും ...

അങ്ങനെ ...അങ്ങനെ...

മരിച്ച കടലും ,വരണ്ട ഭൂമിയും ,

മഞ്ഞച്ച കാടുകളും ,

നിഴൽ യുദ്ധത്തിൽ തോറ്റ ,

മനുഷ്യനു നേരെ ,

വിരൽ ചൂണ്ടും ...

ആരൊക്കെയോ പാടും....

മരിച്ചടക്കാൻ ഇടമില്ലത്തോ രുടെ

ശവങ്ങൾ ...

നിന്റെ തിരതലപ്പുകളിൽ,

 നൃത്തം വെക്കും ...

കടലെന്നത് കവിതയിൽ പൂക്കും ....

നശിച്ച ദുർഗന്ധത്തിന്റെ ചോട്ടിൽ ..

പ്രണയം ഉടുതുണി മറക്കും ...

അങ്ങനെ ...അങ്ങനെ...

മരിച്ച കടലും ,വരണ്ട ഭൂമിയും ,

മഞ്ഞച്ച കാടുകളും ,

നിഴൽ യുദ്ധത്തിൽ തോറ്റ ,

മനുഷ്യനു നേരെ ,

വിരൽ ചൂണ്ടും ...!

ഷറീന തയ്യിൽ

# പഴഞ്ചൊല്ലുകൾ

- ഐക്യമത്യം മഹാബലം
- അധ്വാനിക്കാതെ നേട്ടമില്ല
- വിത്തുഗുണം പത്തുഗണം
- വിദ്യാധനം സർവ്വധനാൽ പ്രധാനം
- മിന്നുന്നതെല്ലാം പൊന്നല്ല
- പലതുള്ളി പെരുവെള്ളം

പയ്യെതിന്നാൽ പനയും തിന്നാം

# ചിത്രങ്ങൾ



അനന്തകൃഷ്ണൻ.കെ.
8.B



നാജിയ.കെ
10.C




ഫാത്തിമ ഫർഹാന. ഒ.കെ
8.G



സാഹില.കെ(8.G)




ഷിഫ്ന.കെ(8.G)



നദ.വി.പി.(8.A)





അനന്തകൃഷ്ണൻ.കെ.
8.B

സർഗ



# സമാധാന ഹിരോഷിമ ദിനാചരിച്ചു



## സമാധാന സന്ദേശവുമായി ഹിരോഷിമാ ദിനം ആചരിച്ചു

കോട്ടോപ്പാടം: കോട്ടോപ്പാടം കെ.എ.എച്ച് ഹയർ സെക്കൻഡറി സ്കൂളിൽ സാമൂഹ്യശാസ്ത്ര ക്ലബിന്റെ നേതൃത്വത്തിൽ ഹിരോഷിമാ ദിനാചരണം നടത്തി. പ്രധാനാധ്യാപിക എ. രമണി ഉദ്ഘാടനം ചെയ്തു. സീനിയർ അസിസ്റ്റന്റ് കെ. രവീന്ദ്രൻ അധ്യക്ഷനായി. കൺവീനർ പി. ഗീതാദേവി, ടി.എ സക്കീന, ഇ. രമണി, അശ്വതി ബാലൻ, സി.കെ ബിന്ദു, എൻ. സ്മിത, വി.പി ആസ്യ, ഹമീദ് കൊമ്പത്ത്, കെ. മൊയ്തുട്ടി, പി. ശ്യാമപ്രസാദ് പ്രസംഗിച്ചു. യുദ്ധവിരുദ്ധ പ്രതിജ്ഞക്ക് സ്കൂൾ ലീഡർ എൻ. നാജിയ നേതൃത്വം നൽകി. ചുമർപത്രനിർമാണം, പ്ലക്കാർഡ് നിർമാണം, പോസ്റ്റർ പ്രദർശനം, പ്രശ്നോത്തരി എന്നിവയും നടന്നു.

വിരുദ്ധ സന്ദേശം, യുദ്ധവിരുദ്ധ പ്രതിജ്ഞ എന്നിവ സംഘടിപ്പിച്ചു.

കുട്ടികളുടെ മനസുകളിലൂടെ പൊതു സമൂഹത്തിലേക്ക് ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശങ്ങൾ എത്തിക്കുകയാണ് ഇനിയുള്ള ദിവസങ്ങളിലെ പ്രവർത്തന പരിപാടികൾ കൊണ്ട് ഉദ്ദേശിക്കുന്നത്. സ്കൂളിലെ സാമൂഹ്യ ശാസ്ത്ര പരിസ്ഥിതി ക്ലബുകളുടെ സംയുക്ത ആഭിമുഖ്യത്തിലാണ് ചടങ്ങ് സംഘടിപ്പിച്ചത്.

മണ്ണാർക്കാട്: എടത്തനാട്ടുകര ഗവ. ഹയർ സെക്കൻഡറി സ്കൂൾ എൻ.എസ്.എസ് യൂനിറ്റിന് കീഴിൽ ഹിരോഷിമാ ദിനാചരണവും യുദ്ധവിരുദ്ധ കൂട്ടായ്മയും സംഘടിപ്പിച്ചു. ദിനാചരണം സ്കൂൾ പ്രിൻസിപ്പൽ വി.ടി വിനോദ് ഉദ്ഘാടനം ചെയ്തു. യുദ്ധങ്ങൾ മനുഷ്യമനസുകളിലാണ് ആരംഭിക്കുന്നതെന്നും അതുകൊണ്ട് യുദ്ധവിരുദ്ധ ആശയങ്ങൾ മനുഷ്യ മനസുകളിലേക്കാണ് നൽകേണ്ടതെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം സൂചിപ്പിച്ചു. ആണവായുധങ്ങളും ലോകസമാധാനവും എന്ന വിഷയത്തിൽ രതീഷ് മോൻ തൃപ്പനച്ചി മുഖ്യ പ്രഭാഷണം നടത്തി. പ്രോഗ്രാം ഓഫിസർ സി. സിദ്ദീഖ്, മുഹമ്മദ് അഷ്റഫ്, നസീർ, മഞ്ജു, കുമാർ, സംഗീത, സുപ്രിയ സംസാരിച്ചു.

കോട്ടോപ്പാടം കെ.എ.എച്ച് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ഹിരോഷിമാ ദിനാചരണത്തിൽ നിന്ന്

# വായനാ വാരാഘോഷം

## വായനാ വാരാഘോഷം തുടങ്ങി

മണ്ണാർക്കാട്: വായിച്ചു വളരുക ചിന്തിച്ച് വിവേകം നേടുക എന്ന് കുട്ടികളോട് ആഹ്വാനം ചെയ്ത ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ പി.എൻ പണിക്കരെ അനുസ്മരിച്ച് കോട്ടോപ്പാടം കെ.എ.എച്ച്.ഹയർ സെക്കന്ററി സ്കൂളിൽ വായനാ വാരാചരണത്തിന് തുടക്കമായി. പ്രിൻസിപ്പൽ പി.ജയശ്രീ ഉദ്ഘാടനം ചെയ്തു. സീനിയർ അസിസ്റ്റന്റ് കെ.രവീന്ദ്രൻ അധ്യക്ഷനായി. സ്കൂൾ ലീഡർ എൻ.നാജിയ വായനാദിന പ്രതിജ്ഞക്കു നേതൃത്വം നൽകി. കെ.സഞ്ജന,യു.ലബീബ,സുധ വിനോദ്, ബാബു ആലായൻ, ഷിജി ജോർജ്, ജോൺ റിച്ചാർഡ്, പി.രജനി,കെ.എ.രതി, കെ.ഉണ്ണി അവറ സംബന്ധിച്ചു. സാഹിത്യ ക്വിസ്, വായനാ കുറിപ്പ്, ഗ്രന്ഥശാലാ സന്ദർശനം, സ്പെഷ്യൽ അസംബ്ലി, വിവിധ രചനാ മത്സരങ്ങൾ എന്നിവ വാരാഘോഷത്തോടനുബന്ധിച്ച് നടക്കും.



കോട്ടോപ്പാടം ഹൈസ്കൂളിൽ നടന്ന വായനാ വാരം

# ആഘോഷ ദുരിതാശ്വാസ ക്യാമ്പ്



*കോട്ടോപ്പാടം സ്കൂളിൽ ദുരിതാശ്വാസ ക്യാമ്പംഗങ്ങൾ പങ്കെടുത്ത സ്വാതന്ത്ര്യദിനാഘോഷം*

## സ്വാതന്ത്ര്യ ദിനാഘോഷ നിറവിൽ ദുരിതാശ്വാസ ക്യാമ്പ്

മണ്ണാർക്കാട്: പ്രളയകെടുതി നേരിടുന്ന അമ്പലപ്പാറ കരടിയോട് ആദിവാസി കോളനിയിലെ നാൽപതിലധികം കുടുംബങ്ങൾക്കായി ഏർപ്പെടുത്തിയ ദുരിതാശ്വാസ ക്യാമ്പ് പ്രവർത്തിക്കുന്ന കോട്ടോപ്പാടം കെ.എ.എച്ച് ഹയർ സെക്കന്ററി സ്കൂളിൽ രാജ്യത്തിന്റെ 73-ാം സ്വാതന്ത്ര്യദിനം വൈവിധ്യമാർന്ന പരിപാടികളോടെ ആഘോഷിച്ചു.പ്രിൻസിപ്പൽ പി.ജയശ്രീ ദേശീയപതാക ഉയർത്തി. സ്വാതന്ത്ര്യ ദിന സംഗമം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇല്യാസ് താളിയിൽ ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡന്റ് നാസർ ഫൈസി കാഞ്ഞിരംകുന്ന് അധ്യക്ഷത വഹിച്ചു. പ്രധാനാധ്യാപിക എ. രമണി സ്വാതന്ത്ര്യദിന സന്ദേശം നൽകി. കിടപ്പാടങ്ങൾ വിട്ട് ദുരിതാശ്വാസ ക്യാമ്പിലാണെങ്കിലും ജീവിതത്തിൽ ആദ്യമായി വിദ്യാർഥികളോടൊപ്പം സ്വാതന്ത്ര്യ ദിനാഘോഷ പരിപാടികളിൽ പങ്കെടുക്കാനായതിന്റെ ചാരിതാർത്ഥ്യത്തിലായിരുന്നു ആദിവാസി കുടുംബങ്ങൾ. ഊരുമൂപ്പൻ വലിയപാടത്ത് ചാത്തൻ, എസ്.സി പ്രമോട്ടർ വി. അപ്പുക്കുട്ടൻ, വി.മാധവൻ എന്നിവർ സ്വാതന്ത്ര്യ ദിനത്തിലെ ആഹ്ലാദവും നവ്യാനുഭവങ്ങളും കുട്ടികളുമായി പങ്കുവെച്ചു. വില്ലേജ് ഓഫീസർ ഹരിദാസൻ, കെ.എൻ ബലരാമൻ നമ്പൂതിരി, കെ.ടി അബ്ദുല്ല, മാനേജർ റഷീദ് കല്ലടി, ടി.ടി നജ്‌ല സാലിഹ പ്രസംഗിച്ചു. ദേശഭക്തി ഗാനാലാപനം,സ്വാതന്ത്ര്യദിന പതിപ്പ് പ്രകാശനം, ചരിത്ര സെമിനാർ, സ്വാതന്ത്ര്യ സമര ചരിത്രക്വിസ്,മധുര വിതരണം എന്നിവയും നടന്നു. ആഘോഷ പരിപാടികൾക്ക് അധ്യാപക-രക്ഷാകർതൃ പ്രതിനിധികളായ കെ.മൊയ്തുട്ടി, ബാബു ആലായൻ, പി.ഗീതാദേവി, ഹമീദ് കൊമ്പത്ത്, ഷിജി ജോർജ്, പി.നിർമ്മല, കെ.സാജിത് ബാവ, വി.പി സലാഹുദ്ദീൻ, കെ.പി.നൗഫൽ, തരുൺ സെബാസ്റ്റ്യൻ, പി.മനോജ് നേതൃത്വം നൽകി.

# എൽ.ഇ.ഡി ബൾബ് നിർമാണ വിദ്യാർത്ഥികൾ

## ഊർജ്ജ സംരക്ഷണത്തിന് എൽ.ഇ.ഡി ബൾബുമായി വിദ്യാർഥികൾ

മണ്ണാർക്കാട്: ഊർജ്ജസംരക്ഷണ സന്ദേശത്തോടൊപ്പം സ്വയം തൊഴിൽ സാധ്യതകളും പകർന്ന് കോട്ടോപ്പാടം കെ.എ.എച്ച് ഹയർ സെക്കന്ററി വിദ്യാർഥികളുടെ എൽ.ഇ.ഡി ബൾബ് നിർമ്മാണം. സ്കൂളിലെ ടീൻഫോക്കസ് ക്ലബ്ബിന്റെ നേതൃത്വത്തിലാണ് വിദ്യാർഥികൾ ഊർജ്ജ പ്രതിസന്ധി നേരിടാൻ നാടിനൊപ്പം നിൽക്കുന്നത്. ക്ലബ്ബംഗങ്ങൾ തയ്യാറാക്കുന്ന ബൾബുകൾ സഹപാഠികൾക്കും ആവശ്യക്കാർക്കും കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യും. ബൾബ് വിതരണത്തിലെ ലാഭവിഹിതം നിർധന വിദ്യാർഥികളുടെ പഠന സഹായത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമായി വിനിയോഗിക്കും. ബൾബ് നിർമ്മാണ പരിശീലനം പ്രധാനാധ്യാപിക എ.രമണി ഉദ്ഘാടനം ചെയ്തു. ഭീമനാട് ജി.യു.പി.എസ് അധ്യാപകൻ സി.കെ ഹംസ പരിശീലനത്തിന് നേതൃത്വം നൽകി. ടീൻ ഫോക്കസ് കൺവീനർ പി.മനോജ്, കെ.മൊയ്തുട്ടി, കെ.കെ ഫാസിലത്ത്, ആതിര, കെ.കുഞ്ഞയമു, പി.ഗിരീഷ്, കെ.എസ് മനോജ്, ജോൺ റിച്ചാർഡ്, കെ.ഉമ്മർ സംബന്ധിച്ചു.



കോട്ടോപ്പാടം കെ.എ.എച്ച് ഹയർസെക്കന്ററി സ്കൂളിലെ ടീൻഫോക്കസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നിർമ്മിച്ച എൽ.ഇ.ഡി ബൾബുമായി.

# 2019 ലെ അഭിമാന താരങ്ങൾ






**സംസ്ഥാന ശാസ്ത്രോത്സവ പ്രവർത്തി പരിചയ മേളയിൽ**


**വോളിബോൾ നെറ്റ് നിർമ്മാണം A ഗ്രേഡ്**



22-ാമത് സംസ്ഥാന
സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ
ചിത്രരചനയിൽ
B ഗ്രേഡ് നേടിയ പത്താം ക്ലാസ് വിദ്യാർത്ഥിനി
P.C.ജദീറക്ക്
ഹൃദ്യമായ അഭിനന്ദനങ്ങൾ....
Certificate

# ഡിജിറ്റൽ പൂക്കളം









# ഹരിത സേന










## കോട്ടോപ്പാടം സ്കൂളിൽ മെഹന്തി ഫെസ്റ്റ് നടത്തി

മണ്ണാർക്കാട്: മൈലാഞ്ചിയുടെ മണമുള്ള പെരുന്നാൾ ഓർമകൾ പുതുതലമുറയിലേക്ക് പകർന്നു നൽകുന്നതിനായി ബലിപെരുന്നാളാഘോഷത്തോടനുബന്ധിച്ച് കോട്ടോപ്പാടം കെ.എ.എച്ച് ഹയർ സെക്കന്ററി സ്കൂളിൽ മെഹന്ദി ഫെസ്റ്റ് സംഘടിപ്പിച്ചു. ദേശീയ ഹരിതസേനയുടെ നേതൃത്വത്തിൽ നടത്തിയ ഫെസ്റ്റ് യുവസാഹിത്യകാരി സുഷമബിന്ദു ഉദ്ഘാടനം ചെയ്തു.

പി.ടി.എ പ്രസിഡന്റ് നാസർ ഫൈസി അധ്യക്ഷത വഹിച്ചു. യു.പി, ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗങ്ങളിലായി അറുപതോളം ടീമുകൾ മൈലാഞ്ചിയിടൽ മത്സരത്തിൽ പങ്കെടുത്തു. ഹരിതസേന കോ-ഓർഡിനേറ്റർ പി.ശ്രീധരൻ, പ്രിൻസിപ്പൽ പി.ജയശ്രീ, പ്രധാനാധ്യാപിക എ.രമണി, ഹമീദ് കൊമ്പത്ത്, കെ.മൊയ്തുട്ടി, പി.ഹാജറ, കെ.കെ.ഫാസിലത്ത്, പി.ശ്യാമപ്രസാദ്, സ്കൂൾ ലീഡർ എൻ.നാജിയ, അശ്വതിബാലൻ, എൻ.സ്മിത തുടങ്ങിയവർ സംബന്ധിച്ചു.

കോട്ടോപ്പാടം കെഎഎച്ച്എച്ച്എസ് സ്കൂളിൽ നടന്ന മെഹന്തിഫെസ്റ്റ്

# കോട്ടോപ്പാടം സ്ക്കൂളിലെ-എൻ.സി.സി




# ഗൈഡ്



# റെഡ് ക്രോസ്



# ലിറ്റിൽ കൈറ്റ് സ്



# നന്ദി

ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ ഞങ്ങളെ സഹായിച്ച പ്രധാന അധ്യാപികക്കും,കൈറ്റ് മാസ്റ്റർ,കൈറ്റ് മിസ്ട്രസ്സിനും,മറ്റ അധ്യാപകർക്കും മാഗസിനിലേക്ക് സൃഷ്ടികൾ നൽകിയ എല്ലാ കൂട്ടുകാർക്കും ലിറ്റിൽ കൈറ്റ് സ്അംഗങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

